IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

32. സംഘകാലത്തെ സാമൂഹിക സാംസ്കാരികജീവിതം അപഗ്രഥിക്കുക.

33. കേരളത്തിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കേരള സംസ്കാരപഠനത്തിന് സഹായകമായിട്ടുണ്ടോ? വിലയിരുത്തുക.

34. കേരളത്തിലെ ജൂത ക്രൈസ്തവ ഇസ്ലാം മതങ്ങളുടെ ചരിത്രപരമായ സംഭാവനകൾ വിശദീകരിക്കുക.

35. കേരളത്തിലെ ജാതിവ്യവസ്ഥയും ജന്മിസമ്പ്രദായവും ചരിത്രപരമായി പരിശോധിക്കുക.

**(2 × 15 = 30 Marks)**



St. Xavier's College

**(Pages : 4)** **S – 2890**

**Reg. No. : ..............................**

**Name : ..................................**

**First Semester B.A. Degree Examination, January 2024**

**Career Related First Degree Programme under CBCSS**

**MALAYALAM AND MASS COMMUNICATIONS**

**Core Course I**

**MX 1141 : കേരള സംസ്കാരം – ഭാഗം I**

**(2018-2020 Admission)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. പ്രാചീന കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വാണിജ്യ കേന്ദ്രം ഏത്?

2. ഭൂമിശാസ്ത്രപരമായി പ്രാചീനകാലത്ത് കേരളത്തെ വിഭജിച്ചിരുന്നത് എങ്ങനെ?

3. ചിലപ്പതികാരം രചിച്ചതാര്?

4. പ്രാചീന കേരളത്തിലെ രണ്ടു പ്രധാന വർത്തകസംഘങ്ങളേതെല്ലാം?

5. AD 77 ൽ നാച്വറൽ ഹിസ്റ്ററി രചിച്ച റോമൻ ചരിത്രകാരൻ ആര്?

6. ശ്രീമൂലവാസം എന്താണ്?

7. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ സവിശേഷമായ കലാരൂപമേത്?

8. നൂറ്റാണ്ടുയുദ്ധം എന്ന പേരിലറിയപ്പെടുന്ന യുദ്ധം ആരെല്ലാം തമ്മിലായിരുന്നു?

9. വിവേകചൂഡാമണി എന്ന കൃതി രചിച്ചതാര്?

10. മാപ്പിളപ്പാട്ടുകളിലെ ഭാഷയേത്?

**(10 × 1 = 10 Marks)**

II. **അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

11. കുറിപ്പു തയ്യാറാക്കുക - കൊല്ലവർഷം

12. നന്നങ്ങാടികൾ എന്നാലെന്ത്?

13. പ്രാചീനകാലത്തെ കേരളത്തിലെ തുറമുഖങ്ങളേതെല്ലാമായിരുന്നു? വിശദീകരിക്കുക.

14. ചാവേറ്റുവിരുത്തി എന്നാലെന്ത്?

15. ഐന്തിണകൾ ഏവ?

16. കേരളോൽപത്തിയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

17. സംഘകാല സമൂഹത്തിൽ നിലനിന്നിരുന്ന രണ്ടു വിവാഹ സമ്പ്രദായങ്ങൾ ഏവ? വിശദമാക്കുക.

18. പ്രാചീന മദ്ധ്യകാല കേരളത്തിലെ വേദ പഠനശാലകൾ ഏതെല്ലാം?

19. വൈഷ്ണവമതം - കുറിപ്പ് എഴുതുക.



20. കടവല്ലൂർ അന്യോന്യം - ഒരു ലഘുവിവരണം നൽകുക.

21. ദേവദാസി സമ്പ്രദായം വിശദീകരിക്കുക.

22. തോലൻ ആര്? വിവരിക്കുക.

**(8 × 2 = 16 Marks)**

III. **ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

23. കേരളത്തിലെ ആദിമനിവാസികളാരെല്ലാം? വിശദമാക്കുക.

24. സംഘകാലകൃതികൾ പ്രാചീനസംസ്കൃതിയെ എങ്ങനെ പ്രതിഫലിപ്പിക്കുന്നു? വിവരിക്കുക.

25. വൈദിക സംസ്കാരം താത്വികമായി വിശകലനം ചെയ്യുക.

26. പ്രാചീനകാലത്തെ വിദേശസഞ്ചാരികളെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.

27. പ്രാചീനകാലത്തെ മഹാശിലാ സംസ്കാരമുദ്രകൾ വിശദമായി പ്രതിപാദിക്കുക.

28. കേരള സംസ്കാര പഠനത്തിന് സഹായകമായ ഉപാദാനങ്ങൾ വിവരിക്കുക.

29. കേരളത്തിലെ മരുമക്കത്തായ സമ്പ്രദായം - ലഘുപന്യാസം തയ്യാറാക്കുക.

30. ക്ഷേത്രകലകളിലധിഷ്ഠിതമായ ക്ഷേത്രസംസ്കാരം വിവരിക്കുക.

31. മദ്ധ്യകാല കേരളത്തിലെ ഭരണരംഗം എപ്രകാരമായിരുന്നു? അപഗ്രഥിക്കുക.

**(6 × 4 = 24 Marks)**



St. Xavier's College